# കേരള സർവകലാശാല

നം.പി.ആർ.247/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

വിദൂര വിദ്യാഭ്യാസ വിഭാഗം 2018 ജൂലൈയിൽ നടത്തിയ ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ & വൈവാവോസി

2018 നവംബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ പി.ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി (പി.ജി.ഡി.ജിസ്റ്റ്) പ്രാക്ടിക്കൽ & വൈവാവോസി ടൈംടേബിൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

നവംബർ/ഡിസംബർ 2018 ൽ നടത്തുന്ന ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) ഏഴാം സെമസ്റ്റർ (റെഗുലർ ആന്റ് സപ്ലിമെന്ററി) ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാകേന്ദ്രം

വിദൂര വിദ്യാഭ്യാസ വിഭാഗം 2018 നവംബർ – ഡിസംബറിൽ നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ സോഷ്യോളജി പരീക്ഷകൾക്ക് ആൺകുട്ടികൾക്ക് എസ്.ഡി.ഇ പാളയവും, പെൺകുട്ടികൾക്ക് ഗവ.സംസ്കൃത കോളേജ് തിരുവനന്തപുരവും ആയിരിക്കും പരീക്ഷാകേന്ദ്രങ്ങൾ. അഡീഷണൽ കാൻഡിഡേറ്റ്സിന് ഗവ.ആർട്സ് കോളേജ് തിരുവനന്തപുരം ആയിരിക്കും പരീക്ഷാകേന്ദ്രം.

### ക്ലാസ്

2018 – 2019 അദ്ധ്യയന വർഷത്തിലെ വിദൂര വിദ്യാഭ്യാസ വിഭാഗം ഒന്നാം സെമസ്റ്റർ ബി.കോം കോൺടാക്റ്റ് ക്ലാസുകൾ നവംബർ 17 മുതൽ ശനി, ഞായർ ദിവസങ്ങളിലായി രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ കാര്യവട്ടം ക്യാമ്പസ്, കൊല്ലം ബി.എഡ് സെന്റർ, ആലപ്പുഴ യു.ഐ.ടി എന്നീ കേന്ദ്രങ്ങളിൽ നടക്കുന്നതാണ്.

## നെടുമങ്ങാട് ഗവ. കോളേജ് – പി.ജി അഡ്മിഷൻ

നെടുമങ്ങാട് ഗവ. കോളേജിൽ പുതുതായി അനുവദിച്ച എം.എ. ഇക്കണോമിക്സ്, എം.എ. മലയാളം കോഴ്സുകളിലേക്ക് കോളേജിൽ അപേക്ഷ സമർപ്പിച്ച് റാങ്ക് പട്ടികയിൽ ഉൾപ്പെട്ട പ്രവേശനം ആഗ്രഹിക്കുന്ന വിദ്യർത്ഥികൾ നവംബർ 14 ന് രാവിലെ 10.00 മണിക്ക് കോളേജിൽ ഹാജരാകേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഒന്നാംവർഷ ബിരുദാനന്തരബിരുദം – സ്പോട്ട് അലോട്ട്മെന്റ്

2018–19–ലെ ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സർവകലാശാല സെനറ്റ് ഹാളിൽ വച്ച് നവംബർ 16 ന് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ഒഴിവുള്ള സീറ്റുകളുടെ വിശദവിവരം നവംബർ 15 ന് വൈകുന്നേരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 9 മണിക്കും 11 മണിക്കും മദ്ധ്യേ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

(പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനുകളിലും നവംബർ 14, 15, 16 തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
13.11.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098